പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 814 — 03.12.2014- ൽ മറുപടി.

## സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്.തോമസ് | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ മേഖലയുടെ പുരോഗതി ലക്ഷ്യം വച്ച് ഈ സർക്കാർ പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പുതുതായി മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പാലക്കാട്ടും മെഡിക്കൽ കോളേജുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ 2013 മുതൽ 100 എം.ബി.ബി.എസ്. സീറ്റിലേയ്ക്കും ഇടുക്കി മെഡിക്കൽ കോളേജിൽ 50 എം.ബി.ബി.എസ്. സീറ്റിലേയ്ക്കും പാലക്കാട് 2014 മുതൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്. സീറ്റിലേയ്ക്കും കൊച്ചി സർക്കാർ മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്. സീറ്റിലേയ്ക്കും 11 പി.ജി. സീറ്റിലേയ്ക്കും പ്രവേശനം നടത്തിവരുന്നു. |
| (ബി) എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ ഉൾപ്പെടെ ഉള്ള രോഗങ്ങൾക്ക് ആധുനിക രീതിയിലുള്ളതും സൗജന്യവുമായ ചികിത്സ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) എല്ലാ മെഡിക്കൽ കോളേജിലും കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ആധുനിക രീതിയിലുള്ളതും സൗജന്യവുമായ ചികിൽസ നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ചുള്ള തസ്തികകൾ പുതുതായി സൃഷ്ടിച്ചും ഉയർന്ന തസ്തികകളിൽ പ്രമോഷൻ വഴിയും നിയമനം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ ആരോഗ്യവകുപ്പിൽ നിന്നും ഡപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ